(സി) ഇത് സംബന്ധിച്ച് സംസ്ഥാനത്ത് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ഡി) ഇതുമായി ബന്ധപ്പെട്ട് കൃഷിവകുപ്പിലെ ഉദ്യോഗസ്ഥർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) 2000-01-ലെ കൊപ്ര സംഭരണവുമായി ബന്ധപ്പെട്ട് വിവിധ സഹകരണ സംഘങ്ങളിലായി 76,85,491 രൂപയുടെ ക്രമക്കേടുകൾ ഉള്ളതായിട്ടാണ് വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോയുടെ അന്വേഷണ റിപ്പോർട്ട് കാണിക്കുന്നത്.

(ബി) ഉണ്ട്.

(സി) കൃത്യമായ വിവരം ലഭ്യമായിട്ടില്ല.

(ഡി) ഇല്ല. അന്വേഷണം പൂർത്തിയായതിന് ശേഷമേ കുറ്റക്കാരെക്കുറിച്ചുള്ള വിവരങ്ങൾ ലഭ്യമാവുകയുള്ളൂ.

ഇൻഫാമിന്റെ റബ്ബർ കയറ്റുമതി

84 [1091] ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻഫാം എന്ന കർഷക സംഘടനയുടെ നേതൃത്വത്തിൽ റബ്ബർ കയറ്റി അയച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഏതൊക്കെ തീയതികളിൽ എത്ര വീതം റബ്ബർ എവിടേക്കാണ് കയറ്റി അയച്ചതെന്ന് വിവരം ലഭിച്ചിട്ടുണ്ടോ;

(സി) ഈ വകയിൽ സബ്സിഡി ഇനത്തിൽ എത്ര രൂപയാണ് ഇൻഫാമിന് സർക്കാർ നൽകാനുള്ളത് എന്നും ഇതിൽ എത്ര രൂപ നൽകിയെന്നും എന്നാണ് നൽകിയതെന്നും വ്യക്തമാക്കാമോ;

(ഡി) ബാക്കി തുക ഇതുവരെയും നൽകാൻ കഴിയാത്തതിന്റെ കാരണം എന്തെന്നു വ്യക്തമാക്കാമോ;

(ഇ) ഇതു സംബന്ധിച്ച് ഇൻഫാം സർക്കാരിന് പരാതി നൽകിയിട്ടുണ്ടോ;

(എഫ്) എങ്കിൽ ഇതിനുമേൽ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇൻഫാം എന്ന കർഷക സംഘടന റബ്ബർ കയറ്റുമതി ചെയ്തിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്.

(ബി) 1-11-2001 മുതൽ 30-3-2002 വരെ ശ്രീലങ്ക, ചൈന, പാകിസ്ഥാൻ, ഷാർജ എന്നിവിടങ്ങളിലേക്ക് 1198.50 എം.റ്റി. റബ്ബർ കയറ്റി അയച്ചിട്ടുണ്ടെന്നു ഇൻഫാം സർക്കാരിനു നൽകിയിട്ടുള്ള രേഖകൾ പ്രകാരം കാണുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) 41,94,750 രൂപയുടെ ക്ലെയിമാണ് ഇൻഫാം സമർപ്പിച്ചിട്ടുള്ളത്. ക്ലെയിമുകളുടെ പരിശോധന പൂർത്തിയായതിനുശേഷമേ അനുവദനീയമായ തുക എത്രയാണെന്നു കണക്കാക്കാനാവുകയുള്ളൂ. ഇതിനകം കയറ്റുമതി സബ്സിഡി ഇനത്തിൽ ഇൻഫാമിന് 6,88,957.50 രൂപ നൽകിയിട്ടുണ്ട്.

(ഡി) ഇൻഫാം സമർപ്പിച്ചിട്ടുള്ള ക്ലെയിമുകൾ സർക്കാർ പുറപ്പെടുവിച്ച മാർഗ്ഗ രേഖകൾ പ്രകാരം ഫീൽഡുതലത്തിൽ പരിശോധിച്ച് അനുവദനീയമായ തുക നിർണ്ണയിക്കുന്നതിനുള്ള താമസംമൂലമാണ് ക്ലെയിം പൂർണ്ണമായും സെറ്റിൽ ചെയ്യാൻ കഴിയാത്തത്.

(ഇ) ഉണ്ട്.

(എഫ്) കാലതാമസം ഒഴിവാക്കാനായി ക്ലെയിമുകൾ പരിശോധിക്കുന്നതു സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ച മാർഗ്ഗരേഖകളിൽ അയവു വരുത്തിക്കൊണ്ടു കൃഷി വകുപ്പു ഡയറക്ടറുടെ കീഴിലുള്ള ഒരു പരിശോധനാ സംഘത്തെക്കൊണ്ട് ക്ലെയിമുകൾ സംബന്ധിച്ച രേഖകൾ പത്തു ശതമാനത്തോളം (at random) പരിശോധിച്ചതിനുശേഷം അതിന്റെ അടിസ്ഥാനത്തിൽ സർക്കാർ പരിശോധിച്ച് അനുവദനീയമായ തുക അടിയന്തിര മായി നൽകാൻ തീരുമാനിച്ചിട്ടുണ്ട്. അതനുസരിച്ച് പരിശോധനാ സംഘം രേഖകൾ പരിശോധിച്ചുവരികയാണ്.

കൃഷിവകുപ്പിന്റെ ഭൂമി പാട്ടത്തിന് നൽകുന്ന നടപടി

85 [1093] ശ്രീ. കോവൂർ കുഞ്ഞുമോൻ:
,, എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൃഷിവകുപ്പിന്റെ നിയന്ത്രണത്തിലുള്ള ഏതെങ്കിലും ഭൂമി സ്വകാര്യ സ്ഥാപനങ്ങൾക്കോ വ്യക്തികൾക്കോ പാട്ടത്തിനു നൽകിയിട്ടുണ്ടോ; എങ്കിൽ എവിടെയെന്നും എത്ര വിസ്തീർണ്ണമെന്നും വെളിപ്പെടുത്താമോ;

(ബി) സംസ്ഥാനത്തു പുതിയ കൃഷിരീതി നടപ്പിലാക്കുന്നതിനായി സ്വകാര്യ ഏജൻസികളുമായോ വിദേശ ഏജൻസികളുമായോ കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആരുമായിട്ടാണ് എന്നും ഏതൊക്കെ കൃഷിക്കാണെന്നും വെളിപ്പെടുത്തുമോ;

(സി) കൃഷിവകുപ്പിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളുടെ ഭൂമി പാട്ടത്തിന് നൽകുന്നതിന്റെ വ്യവസ്ഥകൾ വ്യക്തമാക്കുമോ;

(ഡി) വിദേശ ഏജൻസികളുമായോ സ്വകാര്യ ഏജൻസികളുമായോ കൃഷി സംബന്ധമായ കരാറിൽ ഏർപ്പെടുവാനോ അവർക്ക് ഭൂമി പാട്ടത്തിന് നൽകുന്നതിനോ കൃഷിവകുപ്പ് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) സർക്കാർ ഒരു ഭൂമിയിലും പാട്ടക്കൃഷി നടത്താൻ അനുമതി നൽകിയിട്ടില്ല.

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1092-ന്റെ ഉത്തരം എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly